11332/11

C3 18686/2012

GOVERNMENT OF KERALA

TRANSPORT COMMISSIONERATE KERALA

RECEIVED ON 06 SEP 2012

| TC | Addl TC | Secy STA | DTC (T) | A.O | F.O | L.O |
|---|---|---|---|---|---|---|

No:12944/C1/2012/Tran

**Transport(C)Department**

Thiruvananthapuram

Dated: 6.09.2012

Copy communicated to the Transport Commissioner for necessary action.

6/9/12

P.R.REGHUKUMAR

**Under Secretary**

**For Additional Chief Secretary to Government**

To,

The Transport Commissioner

Thiruvananthapuram

12.09.2012

GCPT. 3/2402/2012/10,000/DTP.

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ് -ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ ശുപാർശകൾ (2011-14) നവംബർ 1 മുതൽ ഒരു വർഷക്കാലം "ഭരണഭാഷ-മാതൃഭാഷ" വർഷമായി ആചരിക്കുന്നതിനും മറ്റ് ശുപാർശകൾക്കും അനുമതി നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്)നമ്പർ.38/2012/ഉഭപവ തിരുവനന്തപുരം, തിയതി 20/07/2012

പരാമർശം: കേരള നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2011-14)യുടെ 1-ാമത് റിപ്പോർട്ടിലെ ശുപാർശ.

ഉത്തരവ്

കേരള നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ(2011-14) 1-ാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ശുപാർശകളും 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം "ഭരണഭാഷ-മാതൃഭാഷ" വർഷമായി ആചരിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

കെ.സുരേഷ്കുമാർ
സെക്രട്ടറി.

സെക്രട്ടറി, കേരള നിയമസഭ.
പൊതുഭരണ(എസ്.സി) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
ധനകാര്യ വകുപ്പ് (ഫയൽ നമ്പർ.60017/എക്സ്പെ.ബി.2/12/ധന. തീയതി 20/07/12)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-14)

### ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെട്ട റിപ്പോർട്ട്

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശുപാർശ |
|---|---|---|
| 1 | 6 | **2012 നവംബർ 1 മുതൽ ഒരു വർഷക്കാലം 'ഭരണഭാഷ- മാതൃഭാഷ' എന്ന സൂത്രവാക്യത്തിന്റെ അകമ്പടിയോടെ ഭരണഭാഷാ വർഷമായി ആചരിക്കുവാനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ തുടക്കം കുറിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.** |
| 2 | 8 | കേരളത്തിലെ എല്ലാ വകുപ്പുകളിലും ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന ദൗത്യം ഫലപ്രദമാക്കുന്ന തിനായി ചീഫ് സെക്രട്ടറി തലത്തിലും മന്ത്രിസഭാ തലത്തിലുമുള്ള ക്രിയാത്മക നടപടികൾ ഏകോപിപ്പിക്കുന്നതിന് ഒരു മന്ത്രിതലമേൽനോട്ട സമിതിയും ചീഫ്സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര സമിതിയും രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 9 | പരിഭാഷയുടെ മേൽനോട്ടത്തിനും നിർവ്വഹണത്തിനും ഒരു പരിശോധനാവിഭാഗം ഔദ്യോഗികഭാഷ വകുപ്പിൽ രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 10 | സെക്രട്ടറിയറ്റ് ജീവനക്കാരിൽ തന്നെ സാഹിത്യ- സാംസ്ക്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരും ഭാഷാ സംബന്ധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ പ്രാപ്തരായവരും തല്പരരുമായ ജീവനക്കാരുടെ സേവനം ഔദ്യോഗിക ഭാഷ വകുപ്പ് പ്രയോജനപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 5 | 11 | ഔദ്യോഗിക ഭാഷ വകുപ്പിന്റെ പ്രവർത്തനം ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിനും വിലയിരുത്തുന്നതിനും അടിയന്തരമായി സംഘടനാ പദ്ധതി പ്രവൃത്തി പഠനം (ഒ ആന്റ് എം വർക്ക് സ്റ്റഡി) നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | 12 | ഔദ്യോഗികഭാഷ വകുപ്പിൽ അടിയന്തരമായി പൊതുഭരണ വകുപ്പിലെ ജോയിന്റ്/ അഡീഷണൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരേയും അണ്ടർ സെക്രട്ടറിതലത്തിലുള്ള 2 ഉദ്യോഗസ്ഥരേയും വിന്യസിച്ച് ഭാഷാമാറ്റ പ്രവർത്തനങ്ങളുടെ മേൽ നോട്ടം ഉറപ്പു വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 7 | 13 | ഔദ്യോഗിക ഭാഷ വകുപ്പിന്റെ ചുമതലകൾ അനുഭവത്തിന്റെ വെളിച്ചത്തിൽ പുനർനിർണ്ണയം ചെയ്യണമെന്നും വകുപ്പിന്റെ പ്രവർത്തനമേഖലയിൽ പരിശീലനവും സാങ്കേതിക സഹായവും നൽകുക എന്നതുകൂടി കൂട്ടിച്ചേർത്ത് വിപുലീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| | | |
|---|---|---|
| 8 | 14 | ജില്ലാതല സമിതിക്ക് സമാനമായി വകുപ്പുതല സമിതികൾ രൂപീകരിക്കണമെന്നും അവ 3 മാസത്തിലൊരിക്കൽ ഔദ്യോഗികഭാഷാ വകുപ്പിന്റെ പ്രതിനിധിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 15 | ഔദ്യോഗികഭാഷാ സംസ്ഥാനതല സമിതിയിലെ അംഗങ്ങൾ കൂടി വകുപ്പുതല സമിതിയോഗങ്ങളിൽ പങ്കെടുക്കാൻ നിർദ്ദേശിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 10 | 16 | കളക്ടറുടെ പ്രതിനിധിയായി താലൂക്കുതല യോഗങ്ങളിൽ തഹസീൽദാർമാരുടെ മുകളിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണമെന്നും താലൂക്കുതല യോഗങ്ങൾ കൃത്യമായി ചേരണമെന്നും ജില്ലാതല യോഗങ്ങളിൽ കളക്ടർമാർ നിർബന്ധമായും പങ്കെടുക്കണമെന്നും യോഗങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 11 | 17 | ഓരോ ജില്ലകളിലേയും ജില്ലാ പഞ്ചായത്തിൽ നിന്നും രണ്ടോ മൂന്നോ ജനപ്രതിനിധികളെക്കൂടി അനൗദ്യോഗികാംഗങ്ങളായി ജില്ലാതല ഔദ്യോഗിക ഭാഷ സമിതികളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 12 | 18 | ഔദ്യോഗികതലത്തിൽ ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ വളർത്തിയെടുക്കുവാൻ പത്രപ്രവർത്തകർ, ജനപ്രതിനിധികൾ, ഭാഷാ വിദഗ്ദ്ധർ വകുപ്പുദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഭരണഭാഷ ശില്പശാലകൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നതിനായി അതത് ഭരണവകുപ്പുകൾ ബഡ്ജറ്റ് ശീർഷകത്തിൽ 25000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 19 | ഏകീകൃത ലിപി വിന്യാസ വ്യവസ്ഥയിലുള്ള മലയാളം സോഫ്റ്റ്‌വെയർ സംസ്ഥാന വ്യാപകമായി എല്ലാ ഓഫീസുകളിലും ലഭ്യമാക്കി ഉപയോഗിക്കുന്നതിനും നിലവിലുള്ള വിവിധ ലിപികൾക്ക് പകരം ഒറ്റ മലയാളം ലിപിയായി ഏകീകരിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 20 | എഴുത്തുഭാഷ, സംസാരഭാഷ, അച്ചടിഭാഷ എന്നിങ്ങനെ വ്യത്യസ്തമായ രീതികളിൽ ഭാഷ ഉപയോഗിക്കുന്നത് പുതുതലമുറയോട് ചെയ്യുന്ന അപരാധമാണെന്നും ഭാഷയ്ക്കും ലിപിയ്ക്കും ഒരു ഐക്യരൂപം ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഭാഷക്കും ലിപിക്കും ഒരു ഐക്യരൂപം ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 21 | ലിപി വികലമാക്കാത്ത വിധത്തിൽ മലയാളം സോഫ്റ്റ് വെയറുകൾ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 16 | 22 | ഐ.ടി.മിഷനുമായി സഹകരിച്ച് അക്ഷയ സെന്ററുകൾ വഴി ജില്ലാതലത്തിലും താലൂക്ക്തലത്തിലും മലയാളം സോഫ്റ്റ് വെയറിലുള്ള പരിശീലനം അടിയന്തരമായി ജീവനക്കാർക്ക് നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| | | |
|---|---|---|
| 17 | 23 | സെക്രട്ടേറിയറ്റിലെ ടൈപ്പിംഗ് ജോലികൾ നിർവഹിക്കുന്ന എല്ലാ ജീവനക്കാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ ഉൾപ്പെടെ തീവ്രപരിശീലനം നൽകാൻ ഉതകും വിധത്തിൽ ഔദ്യോഗികഭാഷാ വകുപ്പിന്റെ കീഴിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഈ കേന്ദ്രത്തിലൂടെ ഇംഗ്ലീഷ് ടൈപ്പിസ്റ്റ് / മലയാളം ടൈപ്പിസ്റ്റ് എന്ന വിവേചനത്തിന് അതീതമായി എല്ലാവർക്കും മലയാളം ടൈപ്പ് ചെയ്യുന്നതിനുള്ള തീവ്രപരിശീലനം 6 മാസത്തിനുള്ളിൽ നൽകണമെന്ന് നിഷ്ക്കർഷിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 18 | 24 | കൂടുതൽ ജീവനക്കാർക്ക് മലയാളം ടൈപ്പിംഗിൽ പരിശീലനം നൽകണമെന്നും മലയാളം ടൈപ്പിംഗിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുമ്പോൾ അവരുടെ ടൈപ്പിംഗിൽ ഉള്ള അഭിരുചി നിർണ്ണയിക്കാൻ ഒരു പരീക്ഷ കൂടി നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 25 | സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകുന്ന എല്ലാ പരിശീലനപരിപാടികളിലും മലയാളം ഔദ്യോഗികഭാഷ എന്ന നിലയിൽ ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 20 | 26 | പരിഭാഷാനടപടികൾ ത്വരിതപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്ന-തിനുമായി നിയമവകുപ്പിൽ, നിന്നും വിരമിച്ച പരിഭാഷകരുടെ സേവനം ലഭ്യമാക്കണമെന്നും അതിനായി അവരെക്കൂടി പരിഭാഷാ വിദഗ്ധരുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 21 | 27 | പരിഭാഷകരുടെ പ്രതിഫലം വർദ്ധിപ്പിക്കണമെന്നും കൂടാതെ ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് തന്നെ വൈദഗ്ധ്യമുള്ള പരിഭാഷകരെ നിയമിക്കാനുള്ള അധികാരം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 22 | 28 | മലയാളത്തിൽ ഫയലുകൾ കൈകാര്യം ചെയ്യാതിരിക്കുന്നത് സേവനചട്ടങ്ങളുടെ ലംഘനമായി കണ്ട് അച്ചടക്ക നടപടി സ്വീകരിക്കുവാൻ ഉതകുന്ന വിധത്തിലുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി കേരള സേവനചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള നിർദേശം എത്രയും വേഗം പ്രാവർത്തികമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 29 | റവന്യു വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന സാക്ഷ്യപത്രങ്ങളിൽ ദ്വിഭാഷാ സമ്പ്രദായം സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ റവന്യൂ വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന സാക്ഷ്യപത്രങ്ങളിൽ ദ്വിഭാഷാ സമ്പ്രദായം ഏർപ്പെടുത്തണമെന്ന സമിതിയുടെ മുൻ ശുപാർശ അടിയന്തരമായി നടപ്പിൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 24 | 30 | റവന്യു വകുപ്പിൽ നിന്നും നല്കുന്ന ഡിമാന്റ് നോട്ടീസ്, കുടിശ്ശിക പിരിവ് നോട്ടീസ് എന്നിവയ്ക്ക് ഐക്യരൂപം ഉണ്ടാവണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 25 | 31 | മാവേലി സ്റ്റോറുകളിൽ നിന്ന് കൊടുക്കുന്ന ബില്ലുകൾ മലയാളത്തിലാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| | | |
|---|---|---|
| 26 | 32 | സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. പാഠ്യപദ്ധതിയിൽ പ്രാദേശികഭാഷാ പഠനം നടത്താത്ത സ്കൂളുകൾക്ക് മേലിൽ എതിർപ്പില്ലാ സാക്ഷ്യപത്രം നൽകരുതെന്നും ഭാവിയിൽ ഇത്തരം സ്കൂളുകൾക്ക് അംഗികാരം നൽകുമ്പോൾ മലയാളം നിർബന്ധമായി പഠിപ്പിച്ചിരിക്കണം എന്ന മാനദണ്ഡം ഏർപ്പെടുത്തി അവർക്ക് അംഗീകാരം നൽകേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 27 | 33 | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ "മാതൃഭാഷാ ക്ലബ്ബുകൾ" രൂപീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 28 | 34 | കേരളത്തിലുള്ള എല്ലാ സർക്കാർ കോളേജുകളിലും മലയാളം ഐച്ഛിക വിഷയമായി ബിരുദ/ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 29 | 35 | സാധാരണ ജനങ്ങൾ കൂടുതൽ വ്യവഹരിക്കുന്ന മേഖലയായ ഉപഭോക്തൃ തർക്ക പരിഹാര ഫോറം, കുടുംബകോടതികൾ എന്നിവിടങ്ങളിൽ മലയാള ഭാഷ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 30 | 36 | വിനോദ സഞ്ചാര വകുപ്പിനുകീഴിലുള്ള ഓഫീസുകളിലെ സൂചകങ്ങൾ, ശിലാഫലകങ്ങൾ എന്നിവ ആംഗലേയ ഭാഷയിലും മലയാളത്തിലും എഴുതണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 31 | 37 | വ്യാപാര സ്ഥാപനങ്ങളുടേയും വ്യവസായ സ്ഥാപനങ്ങളുടേയും കൈചൂണ്ടി പലകകളിൽ മലയാളത്തിൽ നിർബന്ധമായും എഴുതിയിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 32 | 38 | വിനോദസഞ്ചാരവകുപ്പിൽ എല്ലാ ഫയലുകളും പൂർണമായും മലയാളത്തിലാക്കാൻ സാധിക്കുകയില്ലെങ്കിലും വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന എല്ലാ, ഉത്തരവുകളും മലയാളത്തിൽ ആക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 33 | 39 | കെ.റ്റി.ഡി.സി.യുടെ കീഴിൽ പ്രവർത്തിക്കുന്ന ടാമറിൻഡ് എന്ന ഹോട്ടൽ ശൃംഖലയിൽ പുതുതായി നിർമ്മിക്കുന്ന ഹോട്ടലുകൾക്ക് മലയാളത്തനിമയുള്ള പേരുകൾ നൽകണമെന്നും അതത് സ്ഥലത്തെ പ്രാദേശികമായ പ്രത്യേകതകൂടി കണക്കിലെടുത്തുകൊണ്ട് വേണം ഇപ്രകാരം ചെയ്യേണ്ടതെന്നും സമിതി നിർദേശിക്കുന്നു. |
| 34 | 40 | മലയാളത്തിന്റെ സാഹിത്യം, സംസ്കാരം, മലയാളത്തനിമയുള്ള കവിതകൾ, ചിത്രകലകൾ, നാടൻ കലാരൂപങ്ങൾ എന്നിവ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂർ ആന്റ് ട്രാവൽ സ്റ്റഡീസിന്റെ (കിറ്റ്സ്)പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |